മുദ്രകൾ

# മുശാവറയുടെ ശ്രദ്ധേയമായ നിരീക്ഷണങ്ങൾ

**ഇന്ത്യൻ** മുസ്‌ലിംകളുടെ പൊതുവേദിയായ ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ (AIMM) യുടെ കേന്ദ്രകമ്മിറ്റി കഴിഞ്ഞ ഡിസംബർ 13-ന് ഒത്തുകൂടിയത് മുംബൈ ഭീകരാക്രമണത്തിന്റെയും അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തു വന്നതിന്റെയും പശ്ചാത്തലത്തിലായിരുന്നു. ഈ രണ്ട് വിഷയത്തിലും മുശാവറ നടത്തിയ നിരീക്ഷണങ്ങൾ സമുദായനേതാക്കളുടെയും സംഘടനകളുടെയും സത്വരശ്രദ്ധ ആവശ്യപ്പെടുന്നു. മുശാവറ അംഗീകരിച്ച പ്രമേയത്തിൽ പറയുന്നു: "രാഷ്ട്രീയ പാർട്ടികളുടെ നിസ്സംഗതയും അവഗണനയും കാരണം ഇത്തവണ നടന്ന അസംബ്ലി തെരഞ്ഞെടുപ്പിലും മുസ്‌ലിംകൾക്ക് മതിയായ പ്രാതിനിധ്യം കിട്ടിയില്ല. മുസ്‌ലിം സ്ഥാനാർഥികളെ കണ്ടെത്താനോ വിജയിപ്പിക്കാനോ യാതൊരു ശ്രമവും നടക്കുകയുണ്ടായില്ല. ഒരു പൊതു തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. ജനാധിപത്യ പ്രക്രിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ മുസ്‌ലിംകൾ ഇപ്പോൾ തന്നെ അവരുടെ യത്നങ്ങൾ കൃത്യമായ ആസൂത്രണത്തോടെ ഏകീകരിക്കേണ്ടിയിരിക്കുന്നു. ഇത് ഓരോ സംസ്ഥാനത്തും ഓരോ മണ്ഡലത്തിലും നടക്കണം. സെക്യുലർ സ്ഥാനാർഥികളെ പിന്തുണക്കുന്നതോടൊപ്പം തന്നെ വിജയസാധ്യതയുള്ള നല്ല മുസ്‌ലിം സ്ഥാനാർഥികളെ കണ്ടെത്താനും ശ്രമം നടക്കണം. പാർലമെന്റിലും നിയമസഭയിലും മുസ്‌ലിംകളുടെ എണ്ണം ആനുപാതികമായി വർധിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ സെക്യുലർ ശക്തികളുടെ പിൻബലത്തോടെ മുന്നണികൾ രൂപവത്കരിക്കേണ്ടതുണ്ട്. പഞ്ചായത്ത്, മുൻസിപ്പൽ, കോർപറേഷൻ തെരഞ്ഞെടുപ്പുകളിൽ സജീവ പങ്കാളിത്തം വഹിച്ച് ജനാധിപത്യത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെല്ലാനും അവർ തയാറാകണം."

മുംബൈ ആക്രമണത്തിന്റെ പേരിൽ മുതലെടുക്കാൻ ശ്രമിക്കുന്ന ശക്തികളെ ശക്തമായി അപലപിക്കുന്ന പ്രമേയവും മുശാവറ അംഗീകരിച്ചു. "ഇന്ത്യൻ മുസ്‌ലിംകൾ അനുഭവിക്കുന്ന അനീതികൾക്ക് പ്രതികാരം ചെയ്യാനാണ് ഇത്തരം അതിക്രമങ്ങളിൽ ചിലത് ആസൂത്രണം ചെയ്യപ്പെടുന്നത് എന്ന് പറയപ്പെടുന്നു. ഞങ്ങൾ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെയും നിയമസംവിധാനത്തിന്റെയും അകത്ത് നിന്നുകൊണ്ട് തന്നെ നീതിക്കും സമത്വത്തിനും വേണ്ടിയുള്ള പോരാട്ടം തുടരാൻ ഇന്ത്യൻ മുസ്‌ലിംകൾക്ക് പ്രാപ്തിയുണ്ട്. പുറത്ത് നിന്നുള്ള വ്യക്തികളോ ശക്തികളോ (പ്രത്യേകിച്ച് പാകിസ്താൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്നവ) ഇന്ത്യൻ മുസ്‌ലിംകൾക്ക് വേണ്ടി മുതലക്കണ്ണീർ ഒഴുക്കേണ്ടതില്ല."

ജമാഅത്തെ ഇസ്‌ലാമി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിഷൻ 2016 പ്രോജക്ടിനെ മുശാവറ പ്രത്യേകം അഭിനന്ദിച്ചു. ഇന്ത്യൻ മുസ്‌ലിംകളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് എല്ലാ മുസ്‌ലിം കൂട്ടായ്മകളും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതുണ്ടെന്ന് മുശാവറ ഉണർത്തി.




## ശൈഖ് ഹസീനക്ക് ഉജ്വലവിജയം

**ബംഗ്ലാദേശ്** പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശൈഖ് ഹസീന വാജിദ് നയിക്കുന്ന അവാമിലീഗിന് തകർപ്പൻ ജയം. ഫലം പ്രഖ്യാപിച്ച 299 സീറ്റുകളിൽ 230ഉം അവാമിലീഗ് നേടി. ഹസീന നേതൃത്വം നൽകിയ മുന്നണിയിലെ മറ്റൊരു പ്രമുഖ കക്ഷിയായ ജാതീയ പാർട്ടിയും മികച്ച പ്രകടനം കാഴ്ചവെച്ചു -27 സീറ്റ്. സഖ്യത്തിലെ മറ്റു കക്ഷികൾക്ക് അഞ്ച് സീറ്റ്. മൊത്തം 262 സീറ്റ്.

ബീഗം ഖാലിദസിയ നേതൃത്വം നൽകുന്ന ബി.എൻ.പി സഖ്യം കനത്ത തിരിച്ചടി നേരിട്ടു. ബി.എൻ.പിക്ക് 27 സീറ്റേ നേടാനായുള്ളൂ. മുഖ്യ ഘടക കക്ഷിയായ ജമാഅത്തെ ഇസ്‌ലാമിക്ക് രണ്ട് സീറ്റ് മാത്രം. മറ്റൊരു ഘടക കക്ഷിയായ ബംഗ്ലാദേശ് ജാതീയ പാർട്ടിക്ക് ഒരു സീറ്റ്. നാല് സ്വതന്ത്രരും വിജയിച്ചു.

(തെരഞ്ഞെടുപ്പ് വിശകലനം അടുത്ത ലക്കത്തിൽ)

മുദ്രകൾ



## മൗലാനാ മൗദൂദിയെക്കുറിച്ച് ഗവേഷണ പ്രബന്ധം

**'ഇസ്‌ലാമിക** മതമീമാംസയെയും തത്ത്വങ്ങളെയും കാലികമായി വ്യാഖ്യാനിക്കുന്നതിൽ മൗലാനാ മൗദൂദിക്കുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ചുള്ള പ്രബന്ധത്തിന് ഗവേഷണ വിദ്യാർഥിയായ ഖാസിം റസൂൽ ഫലാഹിക്ക് രാജസ്ഥാൻ യൂനിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ്. രാജസ്ഥാൻ യൂനിവേഴ്സിറ്റിയിലെ ഉർദു-പേർഷ്യൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിലായിരുന്നു മൂന്ന് വർഷം നീണ്ട ഗവേഷണം.

രാജസ്ഥാനിലെ പാലി സ്വദേശിയാണ് ഡോ. ഫലാഹി. അഅ്സംഗഢിലെ ജംഇയ്യത്തുൽ ഫലാഹിൽനിന്ന് ഫാസിൽ, ആലിം ബിരുദങ്ങളെടുത്ത ശേഷം തത്ത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടി. എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റായിരുന്നിട്ടുണ്ട്. ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന നിർവാഹക സമിതിയിൽ അംഗം. ജമാഅത്തെ ഇസ്‌ലാമി എന്ന സംഘടന രൂപവത്കരിച്ചതിലൂടെ ഇസ്‌ലാമിക മൂല്യങ്ങളുടെയും സമ്പ്രദായങ്ങളുടെയും ആഖ്യാനം കാലഘട്ടത്തിന്റെ ഭാഷയിൽ മൗലാനാ മൗദൂദി എങ്ങനെ നിർവഹിച്ചു എന്നാണ് അദ്ദേഹം അന്വേഷിച്ചത്. മൗലാനാ മൗദൂദി 30 വർഷം കൊണ്ട് പൂർത്തീകരിച്ച 'തഫ്ഹീമുൽ ഖുർആൻ' എന്ന ഖുർആൻ വ്യാഖ്യാനകൃതിയെ കേന്ദ്രീകരിച്ചാണ് പഠനം തയാറാക്കിയത്. നൂറ്റിഇരുപതിലധികം വരുന്ന മൗദൂദിയുടെ പുസ്തകങ്ങളും ആയിരത്തിലേറെ പ്രഭാഷണങ്ങളും അദ്ദേഹം പഠനവിധേയമാക്കി.



## ഫലസ്ത്വീനിയൻ ഹോളോകാസ്റ്റ് മ്യൂസിയം

**ഹമാസിന്റെയും** ഹിസ്ബുല്ലയുടെയും കേന്ദ്രങ്ങൾ തകർക്കാനെന്ന പേരിൽ ഇസ്രയേൽ യുദ്ധ വിമാനങ്ങൾ നടത്തുന്ന സംഹാരതാണ്ഡവത്തിൽ കൊല്ലപ്പെടുന്നത് ഭൂരിഭാഗവും കുഞ്ഞുങ്ങളാണ്. ഈ ഭീകരസത്യം ലോകമീഡിയ തന്ത്രപൂർവം മറച്ച് പിടിക്കാറാണ് പതിവ്. എന്നാൽ *അൽജസീറ* പോലുള്ള ചാനലുകളുടെ രംഗപ്രവേശത്തോടെ ഫലസ്ത്വീനിൽ നടക്കുന്ന ക്രൂരകൃത്യങ്ങളുടെ നേർക്കാഴ്ചകൾ കണ്ട് ലോകം നടുങ്ങി. ഇസ്രയേലിനെതിരെ ലോകാഭിപ്രായം രൂപപ്പെടുത്തുന്നതിൽ ഈ കാഴ്ചകൾക്ക് വലിയ പങ്കുണ്ട്.

ഇങ്ങനെ കൊല്ലപ്പെടുന്ന കുഞ്ഞുങ്ങളുടെ പേരുവിവരങ്ങളും അവർ ദാരുണമായി കൊല്ലപ്പെട്ടുകിടക്കുന്ന ചിത്രങ്ങളും ഉൾപ്പെടുത്തി ഇസ്‌ലാം ഓൺ ലൈൻ ഇന്റർനെറ്റിൽ ഒരു ഫലസ്ത്വീനിയൻ ഹോളോകാസ്റ്റ് മ്യൂസിയം തുറന്നിരിക്കുന്നു. വിവരണത്തിന്റെ ഒരു മാതൃക കാണുക:

| | |
|---|---|
| രക്തസാക്ഷിയുടെ പേര് | : റുദൈന അബൂമുഅത്തഖ് |
| വയസ്സ് | : 4 |
| മരണ ദിനം | : 2008 ഏപ്രിൽ 28 |
| കൊല്ലപ്പെട്ട സ്ഥലം | : ഗസ്സയിലെ ബൈത്തു ഹനൂനിലുള്ള സ്വന്തം വീട്ടിൽ വെച്ച് |
| ഉപയോഗിച്ച ആയുധം | : ടാങ്ക് ഷെൽ |
| കൊല്ലപ്പെട്ടതെങ്ങനെ | : റുദൈന തന്റെ കുടുംബമൊന്നിച്ച് പ്രാതൽ കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഒരു ഇസ്രയേലീ ടാങ്ക് വീടിന് നേരെ ഷെല്ലാക്രമണം നടത്തി. ഒന്നിനും അഞ്ചിനും ഇടയിൽ പ്രായമുള്ള മൂന്ന് കുഞ്ഞുങ്ങൾ - സാലിഹ്, മുസ്അദ്, റുദൈന- തൽക്ഷണം മരിച്ചു. ഇവരുടെ മുറിവേറ്റ മാതാവ് ആശുപത്രിയിൽ വെച്ച് മരിച്ചു. |
| മറവ് ചെയ്ത സ്ഥലം | : ആക്രമണത്തിൽ തകർന്ന ഒരു കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ. |

കൊല്ലപ്പെടുന്ന ഫലസ്ത്വീനി കുഞ്ഞുങ്ങളുടെ പേരുവിവരങ്ങളും ഫോട്ടോയും PHMM@iolteam.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ച് കൊടുക്കാനും അഭ്യർഥിക്കുന്നുണ്ട്.

## ഹാഫിളിന് ഏഴ് വയസ്സിലേ ഖുർആൻ മനഃപാഠം



**വർക്കലയിലെ** അഡ്വ. നസീം ഹുസൈനും ഭാര്യ ഫസീലയും തങ്ങളുടെ മകന് ഹാഫിള് എന്ന് പേരിടുമ്പോൾ അവൻ ഒരു *ഹാഫിള്* (ഖുർആൻ മനഃപാഠമാക്കിയവൻ) ആയിത്തീരുമെന്ന് സ്വപ്നത്തിൽപോലും കരുതിക്കാണില്ല. അതും ഏഴാം വയസ്സിൽ തന്നെ. ഏഴ് വയസ്സിന് മുമ്പ് തന്നെ ഖുർആൻ മനഃപാഠമാക്കിയ കുട്ടികളുണ്ട്. പക്ഷേ, ഹാഫിള് അവരെപ്പോലെയല്ല. ബുദ്ധിവൈകല്യമുണ്ട്. ഇപ്പോഴും എഴുതാനോ വായിക്കാനോ കഴിയില്ല.

മൂന്ന് വയസ്സുള്ളപ്പോഴാണ് മാതാപിതാക്കൾ അത് ശ്രദ്ധിച്ചത്. കരഞ്ഞു കൊണ്ടിരുന്ന കുഞ്ഞ് ഖുർആൻ കാസറ്റ് വെച്ചുകൊടുത്താൽ നിശ്ശബ്ദനാകും. ഹറമിലെ ഇമാം ശൈഖ് അബ്ദുർറഹ്മാൻ സുദൈസിന്റെ ഈണത്തിലുള്ള ശ്രുതിമധുരമായ ഖുർആൻ പാരായണം അവൻ എത്ര സമയം വേണമെങ്കിലും കേട്ടിരിക്കും.

പിന്നെ അതൊരു പതിവായി. ഒരു അധ്യായത്തിന്റെ പാരായണം കേട്ട് കഴിഞ്ഞാൽ അത് ആവർത്തിച്ച് കേട്ടുകൊണ്ടിരിക്കും. അങ്ങനെയാണ് മനഃപാഠമായത്. സുദൈസിന്റെ പാരായണം മാത്രമേ കേൾക്കൂ. അവന്റെ ഏറ്റവും വലിയ ആഗ്രഹവും സുദൈസിനെ നേരിൽ കാണുക എന്നതായിരുന്നു. ഉംറ ചെയ്യാനും മകന്റെ ഈ ആഗ്രഹസഫലീകരണത്തിനുമായി അസീം-ഫസീല ദമ്പതികൾ ഈയിടെ മക്കയിൽ പോയിരുന്നു. സുദൈസ് സ്ഥലത്തില്ലാതിരുന്നതിനാൽ കാണാൻ പറ്റിയില്ല. സുദൈസ് അവനോട് ഫോണിൽ സംസാരിച്ചു. ചാനലുകളും യു.എ.ഇയിലെ *അൽഇത്തിഹാദ്* ദിനപത്രവും ഹാഫിളിനെക്കുറിച്ച് ഫീച്ചറുകൾ തയാറാക്കിയിരുന്നു.

ഹാഫിളിന് ഇപ്പോൾ പത്ത് വയസ്സായി. “ജന്മനാ ബുദ്ധിവൈകല്യമുള്ള കുട്ടികളിൽ വളരെ അത്യപൂർവമായേ ഇങ്ങനെയൊക്കെ സംഭവിക്കാറുള്ളൂ” -തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ന്യൂറോളജിസ്റ്റ് ഡോ. മുഹമ്മദ് കുഞ്ഞ് തന്റെ വിസ്മയം മറച്ചുവെക്കുന്നില്ല.